പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3410 | | | 14.10.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ജയിലിൽ കഴിയുന്ന തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് ധനസഹായം നൽകുന്നുണ്ടോ ; | (എ) | ജയിൽ തടവുകാരുടെ മക്കൾക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | എത്ര രൂപയാണ് നൽകുന്നത് ; ഏതൊക്കെ ക്ലാസുകളിലെ കുട്ടികൾക്കാണ് സഹായം നൽകുന്നത് ; | (ബി) | ഒന്നു മുതൽ 10-ാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6,000/ രൂപയും 10 -ാം തരം മുതൽ ഡിഗ്രി തലംവരെ 12,000/- രൂപയുമാണ് വിദ്യാഭ്യാസ ധനസഹായമായി നൽകി വരുന്നത്. |
| (സി) | ഈ വർഷം എത്ര കുട്ടികൾക്ക് ഈ ധനസഹായം നൽകി ; ആകെ എത്ര രൂപയാണ് നൽകിയത് ; | (സി) | ഈ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളുടെ പരിശോധനകൾ പൂർത്തീകരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ; | (ഡി) | ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ കുറഞ്ഞത് 2 വർഷം തടവ് അനുഭവിക്കുന്ന ജയിൽ തടവുകാരുടെ മക്കൾക്കാണ് ഈ ധനസഹായം നൽകി വരുന്നത്. |
| (ഇ) | ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ